*Celebrating Extraordinary Missionary Month October 2019…*

**Tuesday, 29 October 2019**

ഏലിയാ സ്ലീവാ മൂശാകാലം എട്ടാം ചൊവ്വ

Lk 13:18-21 (*കടുകുമണി പാകാൻ മറക്കരുതേ*)

Fr. Vibin Pullanpilly CMI

"സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്രയോ സുന്ദരം"
ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കാൻ
വിളിക്കപ്പെട്ടിരിക്കുന്നവർ എത്രയോ
അനുഗ്രഹീതർ. ദൈവകൃപയിൽ മാത്രം ആശ്രയിച്ചുകൊണ്ട്
ദൈവനാമത്തിൽ ദൈവജനത്തിന് വേണ്ടി ആരംഭിച്ച എത്രയോ
പ്രയത്നങ്ങൾ 'ദൈവരാജ്യങ്ങൾ' ആയി മാറിക്കഴിഞ്ഞിരിക്കുന്നു,
അവിടെ സ്നേഹവും, കരുണയും, സമാധാനവും അനുഭവിക്കുന്നവർ
പറയുന്നു, ദൈവരാജ്യം ഞങ്ങളുടെ ഇടയിലുണ്ട്.

കടുകുമണിയും പുളിമാവുംവെളിപ്പെടുത്തിതരുന്നത്
വിളിക്കപെട്ടവന്റെ നിയോഗമാണ്. *ഇല്ലായ്മയിൽ നിന്നും ഒരു
ദൈവരാജ്യം കെട്ടിപടുത്തുവാനുള്ള വലിയ സാധ്യതകൾ എന്നിലുണ്ട്
എന്ന വലിയ വെളിപാട്.*

ഒഴുക്കിനൊത്തു നീന്തുമ്പോൾ ആയാസമില്ലാതെ യാത്രതുടരാൻ
സാധിക്കും. സന്തോഷം, സുഖം, സമാധാനം. പക്ഷേ
*തീരമണയുന്നതിന് മുമ്പ് കയ്യിലുള്ള കടുകുമണി പാകാൻ
മറക്കാതിരിക്കാം.* കാരണം അതിൽ ഒരുപാട് പേരുടെ ജീവനുണ്ട്,
ആശ്രയമുണ്ട്, പ്രതീക്ഷകളുണ്ട്.

"പോയ് മറയുന്നീ ക്ഷണഭംഗുരമാം
ലോകവുമതിലെ ജഡികാശകളും
അക്ഷയരാജ്യം നേടാനുതകും
നിക്ഷേപങ്ങൾ കരുതുക നിങ്ങൾ"

*Published by*
CMI General Department of Evangelization and Pastoral Ministry